# G.L.P.S CHELAVOOR

## CHELAVOOR, KOZHIKODE-673571




# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

# ഉള്ളടക്കം


1) അടിസ്ഥാന വിവരങ്ങൾ - 03

2) ആമുഖം - 04

3) വിദ്യാലയത്തിന്റെ ലഘു ചരിത്രം - 05

4) വിദ്യാലയം മികവിന്റെ കേന്ദ്രം - 06

5) പദ്ധതി വിശദാംശങ്ങൾ - 07

ഒന്നാം ക്ലാസ്സ് - 07

രണ്ടാം ക്ലാസ്സ് - 12

മൂന്നാം ക്ലാസ്സ് - 19

നാലാം ക്ലാസ്സ് - 28

അറബിക് - 37

6) ഉപസംഹാരം - 46

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | **ജി എൽ പി എസ് ചെലവൂർ** |
| വിലാസം | : | **ചെലവൂർ** പി ഓ |
| | | കോഴിക്കോട് 673571 |
| സ്കൂൾ കോഡ് | : | 1 7 4 0 8 |
| വിദ്യാഭ്യാസ ഉപജില്ല | : | ചേവായൂർ |
| വിദ്യാഭ്യാസ ജില്ല | : | കോഴിക്കോട് |
| റവന്യൂ ജില്ല | : | കോഴിക്കോട് |
| യു ആർ സി | : | നടക്കാവ് |
| സി ആർ സി | : | **ജി എൽ പി എസ് ചെലവൂർ** |
| ബ്ലോക്ക് /കോർപ്പറേഷൻ/പഞ്ചായത്ത് | : | കോഴിക്കോട് കോർപ്പറേഷൻ |
| നിയമസഭാ മണ്ഡലം | : | കോഴിക്കോട് നോർത്ത് |
| ലോകസഭാ മണ്ഡലം | : | കോഴിക്കോട് |
| താലൂക്ക് | : | കോഴിക്കോട് |
| വില്ലേജ് | : | **ചെലവൂർ** |
| ഇമെയിൽ | : | glpschelavoor@gmail.com |

# ആമുഖം

സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്നതാണ് ഈ വർഷം ലക്ഷ്യമിടുന്നത് . ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് കിട്ടുന്നുണ്ട് എന്ന് ഉറപ്പാക്കുന്ന തരത്തിലുള്ള സമഗ്ര വികസന പ്രവർത്തന പദ്ധതിയാണ് നാം മുന്നോട്ട് വയ്ക്കുന്നത്. 1981 ൽ ആരംഭിച്ച സമൂഹത്തിന്റെ ഉന്നമനത്തിന് വേണ്ടി നിലകൊണ്ടതാണ് ഈ വിദ്യാലയം. ബുദ്ധിപരമായ വളർച്ചയും കായിക ക്ഷമതയും അർപ്പണ മനോഭാവവും ഉള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനായാണ് ഈ വിദ്യാലയം നിലകൊള്ളുന്നത്. പരിസ്ഥിതിയെ സംരക്ഷിക്കുക വഴി നല്ല പരിസ്ഥിതി സംരക്ഷണബോധം കുട്ടികളിൽ ഉണ്ടാക്കിയെടുക്കുകയും ഉയർന്ന ശാരീരിക മാനസിക സർഗാത്മകമൂല്യങ്ങൾ ഉള്ള ഉത്തമ പൗരന്മാരായി കുട്ടികളെ വാർത്തെടുക്കുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുന്നു. സമൂഹത്തിൻറെ പ്രതീക്ഷക്കൊത്ത് ഉയർന്ന വ്യക്തമായ കാഴ്ചപ്പാടുള്ള ജാതിമത ചിന്ത കൂടാതെയും സാമ്പത്തിക തരംതിരിവില്ലാതെയും ലിംഗ വ്യത്യാസമില്ലാതെയും ഉള്ള ഒരു പുതു തലമുറയെ വാർത്തെടുക്കുക എന്ന  ലക്ഷ്യത്തിൽ ഊന്നിയ പ്രവർത്തനങ്ങളാണ്  സമഗ്ര ഗുണമേന്മ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

# വിദ്യാലയ ചരിത്രം

1980 ൽ വിജ്ഞാന പോഷിണി വായനശാലയുടെ ആഭിമുഖ്യത്തിലാണ് ചെലവൂരിൽ ഒരു സർക്കാർ സ്കൂൾ തുടങ്ങുന്നതിനുള്ള പരിശ്രമം ആരംഭിച്ചത്. സ. ഇ കെ. നായനാരായിരുന്നു അന്ന് കേരള മുഖ്യമന്ത്രി. അന്നത്തെ സ്ഥലം എം.എൽ.എ ആയിരുന്ന ജ. പി.എം. അബൂബക്കർ സാഹിബിനു നിവേദനം കൊടുത്തു കൊണ്ടാണ് പ്രവർത്തനം തുടങ്ങിയത്.

സ്കൂൾ തുടങ്ങാനുള്ള അന്നത്തെ വ്യവസ്ഥ നമ്മെ സംബന്ധിച്ചിടത്തോളം അപ്രാപ്യമായിരുന്നു ഒരു ഏക്കർ സ്ഥലവും കെട്ടിടവും ഫർണിച്ചറും തന്നാൽ ഗവ. എൽ.പി. സ്കൂളായി പ്രഖ്യാപിക്കാമെന്നായിരുന്നു ഉത്തരവ് തുടർന്ന് ചെലവൂർ മദ്രസ്സയിൽ വെച്ചു ചേർന്ന സുപ്രധാന യോഗമാണ് സ്കൂൾ തുടങ്ങുന്ന കാര്യം ഒരു വഴിത്തിരിവിൽ എത്തിച്ചത്. പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങാൻ പി. അപ്പുക്കുട്ടൻ നായർ ചെയർമാനും വി.എം മുഹമ്മദ് കൺവീനറുമായി 27 അംഗങ്ങളുള്ള ഒരു കമ്മ റ്റി രൂപീകരിച്ചു. അവരിൽ കെ.കെ. രാഘവൻ ഭരതൻ മാസ്റ്റർ, കുഞ്ഞിക്കണ്ടൻ, അബൂബക്കർ ഹാജിയുടെ മകൻ വി.എം. മുഹമ്മദ് എ. മൂസ്സഹാജി, കെ.ടി. ഇമ്പിച്ചിക്കോയ, പി രവീന്ദ്രൻ, വി.കെ. അബ്ദുറഹിമാൻ, കെ.എം. അശോകൻ, കേളുക്കുട്ടി, കെ. പ്രഭാകരൻ, എം.പി. വേലായുധൻ തുടങ്ങിയ വർ കമ്മറ്റിയിലുണ്ടായിരുന്നു.

തുടർന്ന് സ്ഥലത്തിനുവേണ്ടിയുള്ള ശ്രമം ആരംഭിച്ചു കൊത്തളാത്ത് ഇമ്പിച്ചി രാമന്റെ സ്ഥലമാണ് സ്കൂളിനു വേണ്ടി വില കൊടുത്ത് വാങ്ങാൻ സാധിച്ചത്. ഇടകലർന്ന അവകാശികളായതിനാൽ ചെറുവാകുളം കല്യാണി അമ്മയുടെയും സഹായത്തോടുകൂടി രണ്ടു കൂട്ടർക്കും വെവ്വേറെ ആക്കിക്കൊണ്ട് സ്ഥലം ചിട്ടപ്പെടുത്തി. തുടർന്ന് വി.കെ. അബ്ദുറഹിമാൻ വക സൗജന്യമായി 15 സെന്റ് സ്ഥലവും കിട്ടുക യുണ്ടായി. പറ്റമണ്ണിൽ കോയട്ടി ഹാജിയാണ് റോഡിനുള്ള സ്ഥലം സംഭാവനയായി തന്നത്.

കുറച്ചു വൈകിയാണെങ്കിലും 1981 ൽ ചെലവൂർ മദ്രസ്സയിൽ ഒന്നാം ക്ലാസ് ആരംഭിച്ചുകൊണ്ട് സ്കൂളിന്റെ പ്രവർത്തനം തുടങ്ങി. ബാലൻ മാസ്റ്റർ ഹെഡ്മാസ്റ്റർ ഇൻ ചാർജ്ജായാണ് തുടക്കം. ആദ്യത്തെ വിദ്യാർത്ഥിയായി വി.കെ സത്താറിന് അഡ്മിഷൻ നൽകി. തുടർന്ന് വിവിധ സ്കൂളിൽ നിന്നായി 17 കുട്ടികൾക്ക് പ്രവേ ശനം നൽകി.

# വിദ്യാലയം മികവിന്റെ കേന്ദ്രം

- ✔ മദ്യത്തിനും മയക്കുമരുന്നിനുമെതിരായ മനോഭാവം പുതുതലമുറയിൽ വളർത്തൽ
- ✔ പ്ലാസ്റ്റിക് വിമുക്തവും കാർഷിക സംസ്കാരം ഉള്ളതുമായ പുതുതലമുറയെ വളർത്താൻ ആവശ്യമായ പ്രവർത്തനങ്ങൾ
- ✔ സ്കൂൾ വിദ്യാഭ്യാസത്തിലൂടെ കുട്ടികളിൽ ജനാധിപത്യ മൂല്യങ്ങൾ പാരിസ്ഥിതിക അവബോധം, സഹാനുഭൂതി എന്നിവ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ
- ✔ പാഠ പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
- ✔ പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ
- ✔ പ്രകൃതി വിഭവങ്ങളെ ചൂഷണം ചെയ്യാതെ ജീവിക്കാനും വരുംതലമുറയ്ക്ക് വേണ്ടി കരുതി വയ്ക്കേണ്ടതും ആണെന്നുള്ള ബോധം കുട്ടികളിൽ ഉണ്ടാക്കിയെടുക്കൽ

അക്കാദമിക മികവിന് ഊന്നൽ നൽകി അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലൂടെ പൊതു പിന്തുണയോടെ നമ്മുടെ സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് ഈ വർഷം ആസൂത്രണം ചെയ്യുന്നത്

# ഒന്നാം ക്ലാസ്

# ഒന്നാം ക്ലാസ്

## ലക്ഷ്യം

ഒന്നാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും ഗണിതത്തിലും പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക

## പൊതു തത്വങ്ങൾ

- കളിയിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഉള്ള പഠനം
- സർഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ ആവബോധം വളർത്തൽ
- സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക

# മലയാളം

ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വെക്കുന്നത്. എഴുത്ത്, വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പ ശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതുണ്ട് . അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത് .

## പ്രവർത്തനങ്ങൾ

- വായന
- സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു
- ബാലസാഹിത്യ കഥകൾ വായിക്കുന്നു
- വായന കാർഡ് നിർമാണം
- സ്വതന്ത്ര വായന
- സംയുക്ത ഡയറി
- കഥ കേൾക്കൽ കഥ പറയൽ
- വായനോത്സവം
- ചിത്രവായന
- കവിതാവതരണം
- പത്ര വായന
- കഥ നിർമാണം
- വായന മൂല
- സ്വതന്ത്ര രചന
- കഥ കവിത സമാഹാരം മാഗസിൻ

# ഗണിതം

ഒന്നാം ക്ലാസ്സിൽ നിന്ന് തന്നെ ഗണിത പ്രവർത്തനങ്ങൾ രസകരമായി കുട്ടി നേടിയെടുക്കേണ്ടതുണ്ട് ഗണിത പ്രവർത്തനങ്ങൾ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ് പാട്ടിലൂടെയും കളിളിലൂടെയും ഗണിതം ആസ്വാദകരമാക്കാം

# പ്രവർത്തനങ്ങൾ

- സംഖ്യ ബോധം
- സങ്കലനം
- വ്യവകലനം
- സംഖ്യാവ്യഖ്യാനം
- പ്രശ്ന പരിഹരണം
- സംഖ്യകാർഡ്
- ഗണിതക്കിറ്റ്
- ഉല്ലാസഗണിത പ്രവർത്തനങ്ങൾ
- ഗണിത ആൽബം

# English

The goal for the first STD is to handle English fluently the first grade is must go from small words to big words . They must be able to read , write, and speak English fluently like mother tongue

## Objectives and Learning Outcomes

- ✗ Respond to simple instructions in the class room
- ✗ Describe orally about the pictures and objects
- ✗ Familiarise with simple words
- ✗ Enjoy songs and sings them with rhythm and action

## activities

- ✗ picture cards
- ✗ word collection
- ✗ reading cards
- ✗ description
- ✗ chance to read (library)
- ✗ communication in English

# രണ്ടാം ക്ലാസ്

# രണ്ടാം ക്ലാസ്

## ലക്ഷ്യം

രണ്ടാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും ഗണിതത്തിലും പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക

## പൊതു തത്വങ്ങൾ

- കളിയിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഉള്ള പഠനം
- സർഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ ആവബോധം വളർത്തൽ
- സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക

# ഭാഷാ പഠനം

## പ്രവർത്തനങ്ങൾ

- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.
- ആവശ്യമായ പഠനസാമഗ്രികൾ ഒരുക്കൽ.
- വായിക്കാം വളരാം.
- ക്ലാസ് വായന ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം
- വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ് പുസ്തക സംവാദം
- പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ
- എഴുത്തുകാരുമായി സംവദിക്കൽ
- കണ്ടറിയാം കേട്ടറിയാം
- രുചിച്ചറിയാം
- ഓർക്കാം അഭിമാനിക്കാം
- കലക്കൂട്ട്
- സർഗോത്സവം കലാവതരണം

# ലക്ഷ്യങ്ങൾ

- ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ടു കൊണ്ടു വരൽ
- പഠനം എളുപ്പമാക്കുക
- വായനാ ശേഷി വളർത്തുക
- വായനശീലം വളർത്തുക ലൈബ്രറി ഉപയോഗപ്പെടുത്തുക
- വായനയുടെ ആഴം വർദ്ധിപ്പിക്കുക
- എഴുത്ത് പരിപോഷിപ്പിക്കൽ സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയുവാനും എഴുതുവാനും കഴിയുന്നു. സ്വതന്ത്ര രചന നടത്തുവാനുള്ള ശേഷി നേടുന്നു
- ലേഖനശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ
- ഡോക്യുമെന്റിലൂടെ അറിവ് നേടൽ
- നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ
- സാഹിത്യകാരന്മാരെ അടുത്തറിയൽ ഓർമ്മ ദിനങ്ങൾ ആചരിക്കൽ
- കുട്ടികളുടെ സർഗ്ഗശേഷിയുടെ പ്രദർശനം

# ENGLISH

## Aim

- To improve the ability to read, speak and write English effectively.
- Ability to write English without errors.
- Nurturing creativity.
- Developing writing skills.
- Bringing them to the level of being able to speak and write English well.

## activities

- English Assembly.
- English Diary.
- English Theater.
- English Magazine.
- English Manuscript.
- English Corner.
- English Fest.

# ഗണിതം

## ലക്ഷ്യങ്ങൾ

- ഗണിത പഠനം രസകരമാക്കൽ
- ചതുഷ്ക്രിയകൾ ലളിതമാക്കൽ
- ഗണിതശാസ്ത്ര പഠനം രസകരമാക്കാൻ
- കര ചലനശേഷി വികാസം
- ഗണിത പഠനം സുതാര്യമാക്കൽ ഗണിത ലാബ് ഉപയോഗപ്പെടുത്തൽ
- ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ
- പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ
- ഗണിത ശേഷികളുടെ പ്രകടനം

## പ്രവർത്തനങ്ങൾ

- വിവിധതരം കളികൾ ഒറിഗാമിയിലൂടെ പഠിക്കാം
- ഗണിത ലാബ്
- ഗണിത ചുമർ ഗണിത പഠനോപകരണ ശില്പശാല ഗണിത മേള

# പരിസര പഠനം

## ലക്ഷ്യങ്ങൾ

- നിരീക്ഷണം അറിവ് നിർമ്മാണം
- ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ
- ശാസ്ത്രപഠനത്തിന് താല്പര്യത്തിൽ
- അന്വേഷണ ത്വരവളർത്തൽ
- ഭൂപട വായന ഭൂപട രചന സൂചിക

## പ്രവർത്തനങ്ങൾ

- പ്രകൃതി നടത്തം
- ശാസ്ത്രമൂല
- ശാസ്ത്രയാത്ര
- ഭൂപടം ഒരുക്കാം

# മൂന്നാം ക്ലാസ്

# മൂന്നാം ക്ലാസ്

## ലക്ഷ്യം

മൂന്നാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും ഗണിതത്തിലും പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക

## പൊതു തത്വങ്ങൾ

- കളിയിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഉള്ള പഠനം
- സർഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ ആവബോധം വളർത്തൽ
- സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക

# ഭാഷാ പഠനം

## പ്രവർത്തനങ്ങൾ

- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.
- ആവശ്യമായ പഠനസാമഗ്രികൾ ഒരുക്കൽ.
- വായിക്കാം വളരാം.
- ക്ലാസ് വായന ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം
- വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ് പുസ്തക സംവാദം
- പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ
- എഴുത്തുകാരുമായി സംവദിക്കൽ
- കണ്ടറിയാം കേട്ടറിയാം
- രുചിച്ചറിയാം
- ഓർക്കാം അഭിമാനിക്കാം
- കലക്കൂട്ട്
- കഥോൽസവം
- നാടക ശിൽപശാല
- സർഗോത്സവം കലാവതരണം
- നാടൻപാട്ട് ശിൽപശാല

# ലക്ഷ്യങ്ങൾ

- ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ടു കൊണ്ടു വരൽ
- സംഘ പ്രവർത്തങ്ങളിലേർപ്പെട്ട ജനാധിപത്യ മൂല്യങ്ങൾ സ്വംശീകരിക്കും
- പഠനം എളുപ്പമാക്കുക
- വായനാ ശേഷി വളർത്തുക
- വായനശീലം വളർത്തുക ലൈബ്രറി ഉപയോഗപ്പെടുത്തുക
- വായനയുടെ ആഴം വർദ്ധിപ്പിക്കുക
- എഴുത്ത് പരിപോഷിപ്പിക്കൽ സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയുവാനും എഴുതുവാനും കഴിയുന്നു. സ്വതന്ത്ര രചന നടത്തുവാനുള്ള ശേഷി നേടുന്നു
- ലേഖനശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ
- സർഗ്ഗാത്മക രചന
- ഡോക്യുമെന്റിലൂടെ അറിവ് നേടൽ
- നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ
- സാഹിത്യകാരന്മാരെ അടുത്തറിയൽ ഓർമ്മ ദിനങ്ങൾ ആചരിക്കൽ
- കുട്ടികളുടെ സർഗ്ഗശേഷിയുടെ പ്രദർശനം സർഗ്ഗാത്മക പ്രകടനം

# ENGLISH

Aim

- To improve the ability to read, speak and write English effectively.
- Ability to write English without errors.
- Nurturing creativity.
- Developing writing skills.
- Bringing them to the level of being able to speak and write English well.

activities

- English Assembly.
- English Diary.
- English Theatre.
- English Magazine.
- English Manuscript.
- English Corner.
- English Fest.

# Skills

Listening

- conversations
- games
- skit,stories

speaking

- conversations
- discussions
- story telling

Reading

- book reading
- story reading
- poem etc

writing

- describe pictures
- write conversations
- add more lines etc

# ഗണിതം

## ലക്ഷ്യങ്ങൾ

- ഗണിത പഠനം രസകരമാക്കൽ
- ചതുഷ്ക്രിയകൾ ലളിതമാക്കൽ
- ഗണിതശാസ്ത്ര പഠനം രസകരമാക്കാൻ
- കര ചലനശേഷി വികാസം
- ഗണിത പഠനം സുതാര്യമാക്കൽ ഗണിത ലാബ് ഉപയോഗപ്പെടുത്തൽ
- ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ
- പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ
- ഗണിത ശേഷികളുടെ പ്രകടനം

# പ്രവർത്തനങ്ങൾ

- വിവിധതരം കളികൾ ഒറിഗാമിയിലൂടെ പഠിക്കാം
- ഗണിത ലാബ്
- ഗണിത ചുമർ
- സംഖ്യാ റിബ്ബൺ
- അബാക്കസ് നിർമാണം
- സ്കെയിൽ നിർമാണം
- ക്ലോക്ക് നിർമാണം
- കലണ്ടർ നിർമാണം
- ഗണിത പഠനോപകരണ ശില്പശാല
- ഗണിത മേള

# പരിസര പഠനം

## ലക്ഷ്യങ്ങൾ

- നിരീക്ഷണം അറിവ് നിർമ്മാണം
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കാൻ
- ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ
- ശാസ്ത്രപഠനത്തിന് താല്പര്യത്തിൽ
- അന്വേഷണ ത്വരവളർത്തൽ
- ഭൂപട വായന ഭൂപട രചന സൂചിക

## പ്രവർത്തനങ്ങൾ

- പ്രകൃതി നടത്തം
- മഴക്കുഴി നിർമ്മാണം
- ശാസ്ത്രമൂല
- പ്ലാസ്റ്റിക് നിർമാർജനം
- ശാസ്ത്രയാത്ര
- ഭൂപടം ഒരുക്കാം

# നാലാം ക്ലാസ്

# നാലാം ക്ലാസ്

## ലക്ഷ്യം

നാലാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും ഗണിതത്തിലും പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക

## പൊതു തത്വങ്ങൾ

- കളിയിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഉള്ള പഠനം
- സർഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ ആവബോധം വളർത്തൽ
- സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക

# ഭാഷാ പഠനം

## പ്രവർത്തനങ്ങൾ

- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.
- ആവശ്യമായ പഠനസാമഗ്രികൾ ഒരുക്കൽ.
- വായിക്കാം വളരാം.
- ക്ലാസ് വായന ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം
- വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ് പുസ്തക സംവാദം
- എഴുതാം തെളിയാം
- പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ
- പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോകൾ സംഘടിപ്പിക്കൽ പ്രദര്ശിപ്പിയ്ക്കൽ
- എഴുത്തുകാരുമായി സംവദിക്കൽ
- പ്രദേശവാസികളായ കലാകാരന്മാരെ പങ്കെടുപ്പിച്ചു കലയെ പരിചയപ്പെടൽ
- കണ്ടറിയാം കേട്ടറിയാം
- ഭക്ഷ്യ മേള പാചകകുറിപ്പടങ്ങിയ പതിപ്പ് ക്ലാസ്സിലൊരു സദ്യ
- രുചിച്ചറിയാം
- ഓർക്കാം അഭിമാനിക്കാം
- കലക്കൂട്ട്
- കഥോൽസവം
- നാടക ശിൽപശാല
- സർഗോത്സവം കലാവതരണം
- നാടൻപാട്ട് ശിൽപശാല

## ലക്ഷ്യങ്ങൾ

- ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ടു കൊണ്ടു വരൽ
- സംഘ പ്രവർത്തങ്ങളിലേർപ്പെട്ട ജനാധിപത്യ മൂല്യങ്ങൾ സ്വംശീകരിക്കും
- പഠനം എളുപ്പമാക്കുക
- വായനാ ശേഷി വളർത്തുക
- വായനശീലം വളർത്തുക ലൈബ്രറി ഉപയോഗപ്പെടുത്തുക
- വായനയുടെ ആഴം വർദ്ധിപ്പിക്കുക
- എഴുത്ത് പരിപോഷിപ്പിക്കൽ സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയുവാനും എഴുതുവാനും കഴിയുന്നു. സ്വതന്ത്ര രചന നടത്തുവാനുള്ള ശേഷി നേടുന്നു
- ലേഖനശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ
- സർഗ്ഗാത്മക രചന
- ഡോക്യുമെന്റിലൂടെ അറിവ് നേടൽ
- നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ
- സാഹിത്യകാരന്മാരെ അടുത്തറിയൽ ഓർമ്മ ദിനങ്ങൾ ആചരിക്കൽ
- കുട്ടികളുടെ സർഗ്ഗശേഷിയുടെ പ്രദർശനം
- സർഗ്ഗാത്മക പ്രകടനം

# ENGLISH

Aim

- To improve the ability to read, speak and write English effectively.
- Ability to write English without errors.
- Nurturing creativity.
- Developing writing skills.
- Bringing them to the level of being able to speak and write English well.

activities

- English Assembly.
- English Diary.
- English Theatre.
- English Magazine.
- English Manuscript.
- English Corner.
- English Fest.
- Reading writing competitions

Skills

Listening

- conversations
- games
- skit,stories

speaking

- conversations
- discussions
- story telling

Reading

- book reading
- story reading
- poem etc

writing

- describe pictures
- write conversations
- add more lines etc

# ഗണിതം

## ലക്ഷ്യങ്ങൾ

- ഗണിത പഠനം രസകരമാക്കൽ
- ചതുഷ്ക്രിയകൾ ലളിതമാക്കൽ
- ഗണിതശാസ്ത്ര പഠനം രസകരമാക്കാൻ
- കര ചലനശേഷി വികാസം
- ഗണിത പഠനം സുതാര്യമാക്കൽ ഗണിത ലാബ് ഉപയോഗപ്പെടുത്തൽ
- ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ
- പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ
- ഗണിത ശേഷികളുടെ പ്രകടനം

# പ്രവർത്തനങ്ങൾ

- വിവിധതരം കളികൾ ഒറിഗാമിയിലൂടെ പഠിക്കാം
- ഗണിത ലാബ്
- ഗണിത ചുമർ
- സംഖ്യാ റിബ്ബൺ
- അബാക്കസ് നിർമാണം
- സ്കെയിൽ നിർമാണം
- ക്ലോക്ക് നിർമാണം
- കലണ്ടർ നിർമാണം
- ഗണിത പഠനോപകരണ ശില്പശാല
- ഗണിത മേള
- പ്രശ്നോത്തരി, പസ്സിൽ, പഠനോത്പന്നങ്ങളുടെ പ്രദർശനം

# പരിസര പഠനം

## ലക്ഷ്യങ്ങൾ

- നിരീക്ഷണം അറിവ് നിർമ്മാണം
- പരിസ്ഥിതി സൗഹ്രദ മനോഭാവം വളർത്തിയെടുക്കാൻ
- ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ
- ശാസ്ത്രപഠനത്തിന് താല്പര്യത്തിൽ
- അന്വേഷണ ത്വരവളർത്തൽ
- ഭൂപട വായന ഭൂപട രചന സൂചിക

## പ്രവർത്തനങ്ങൾ

- പ്രകൃതി നടത്തം
- ഫീൽഡ് ട്രിപ്പ്
- മഴക്കുഴി നിർമ്മാണം
- വാന നിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് സന്ദർശനം
- സയൻസ് മെഡിക്കൽ പ്രദർശനം
- ശാസ്ത്രമൂല
- ശാസ്ത്ര വിസ്മയ ചുവർ
- പ്ലാസ്റ്റിക് നിർമാർജനം
- ശാസ്ത്രയാത്ര
- ശാസ്ത്ര മാസിക
- കേരളം ഇന്ത്യ ഭൂപടം
- ഭൂപടം ഒരുക്കാം

# അറബിക്ക്

# ആമുഖം

അന്തർദേശീയ രംഗത്ത് ഇംഗ്ലീഷിനൊപ്പം നിൽക്കുന്നതും ലോകഭാഷകളിൽ മൂന്നാം സ്ഥാ നം അലങ്കരിക്കുന്നതുമായ ഭാഷയാണ് അറബി.നമ്മുടെ മാതൃ രാജ്യത്തിന് ഒട്ടനവധി സംഭാവ നകൾ നൽകിയിട്ടുള്ള വൈദേശിക ഭാഷകളിൽ ശ്രദ്ധേയമായ ഭാഷ. അറബിഭാഷയിലെ ചില പ്രയോഗങ്ങളും വാക്കുകളും നമ്മുടെ നിത്യജീവിതത്തിൽ ഇടം നേടിയിട്ടുള്ളതിൽ നിന്ന് തന്നെ ഇക്കാര്യം വ്യക്തം.

പ്രാചീന സെമിറ്റിക് ഭാഷാകുടുംബത്തിൽ ഇന്നും സജീവമായി നിലനിൽക്കുന്ന ഏക ഭാ ഷ അറബിയാണ്. സമ്പന്നമായ കലാസാഹിത്യ പാരമ്പര്യങ്ങളാലും ഈ ഭാഷ അനുഗ്രഹീത മാണ്.മുസ്തഫാ ലുത്ഫീ മൻഫലൂത്വി (1876-1924)യുടെ കഥകളും, അഹ്മദ്
അഹ്മദ് ശൗഖി (1869-1932) യുടെ കവിതകളും മുഹമ്മദ് ഹുസൈൻ ഹൈക്കലി (1888-1956)ന്റെ നോവലുകളും തൗഫീഖുൽ ഹക്കീമി(1898-1987) ന്റെ നാടകങ്ങളും അറബി ഭാഷയെ വിശ്വസാഹിത്യത്തിന്റെ ചക്രവാളത്തിലേക്കുയർത്തിയ രചനകളിൽ ചിലതുമാത്രം. നോബൽ പുരസ്കാരജേതാവാണ് അറബി സാഹിത്യകാരനായ ഡോ.നജീബ് മഹ്ഫൂസ്.
കുമാരനാശാന്റെ "വീണപൂവ്' ശ്രീനാരായ ഗുരുവിന്റെ “ദൈവദശകം' തകഴിയുടെ 'ചെമ്മീൻ' ബെന്യാമീന്റെ “ആടുജീവിതം' തുടങ്ങിയവ അറബിഭാഷയിലും നമുക്കിന്ന് ലഭ്യമാണ്.
നമ്മുടെ വിദ്യാലയങ്ങളിൽ, മറ്റു വിഷയങ്ങൾക്കൊപ്പം ഇഴചേർന്നു അറബി ഭാഷാ അധ്യയ നവും മുന്നോട്ടു

പോകുന്നുവെന്നത് വളരെ അഭിമാനകരവും
അഭിനന്ദനീയവുമായ വസ്തുതയ ത്. പൊതു വിദ്യാഭ്യാസ

സംരക്ഷണത്തിന്റെയും വിദ്യാർഥി ശാക്തീകരണത്തിന്റെയും പ്രഥമ പടിയായ അക്കാദമിക് മാസ്റ്റർ പ്ലാൻ നിർമാണത്തിൽ ഏറെ പ്രധാനപ്പെട്ട ഒരിനമാണ് ഭാഷാപഠനം. ഭാഷാ അധ്യയന മേഖലയിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തുമ്പോൾ ഏറ്റവും പ്രധാന പ്പെട്ട സംഗതിയാണ് ഭാഷ സ്വായത്തമാക്കുവാനുള്ള വ്യത്യ സ്ത വഴികൾ ഉണ്ടാക്കുക എന്നത്. ഭാഷാ പഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും അതിന് പ്രതിവിധി ആരായുകയും ചെയ്യുക എന്നതും ഇതോടൊപ്പം ഉണ്ടാവേണ്ട താണ്. അറബി ഭാഷാ പഠനത്തിൽ പഠിതാക്കൾ ക്ക് കൂടുതൽ പ്രയാസം സൃഷ്ടിക്കുന്നത് അക്ഷരങ്ങളുടെ രൂപവിന്യാസത്തിൽ ഉണ്ടാവുന്ന മാറ്റ ങ്ങളാണ്. അക്ഷരങ്ങൾ ഒരു വാക്കിന്റെ ആദ്യത്തിലും നടുവിലും അവസാനത്തിലും വരുമ്പോൾ വ്യത്യസ്ത രൂപങ്ങളിലാണ് എഴുതപ്പെടുന്നത്. അറബി ഭാഷാ പഠനത്തിൽ ഉളവാകുന്ന ചില പ്രശ്നങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് കണ്ടെത്തിയ പ്രയാസങ്ങളും പ്രതിവിധികളും മുന്നിൽ വെച്ച് തയ്യാറാക്കിയതാണ് ഇവിടെ ചേർക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഒരേപോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക. രൂപപ്പെടുത്തുക യും ചെയ്യുക. | **കൈത്താങ്ങ്**<br><br>ടെസ്റ്റ് നടത്തി ഭാഷപഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തുന്നു അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. സ്കൂളിലെ സ്മാർട്ട് റൂമുകൾ ഉപയോഗിച്ച് ഗെയിമുകൾ, ഫ്ലാഷ് കാർഡുകൾ, നിറം നൽകാൻ പോലുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു. ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുകയും എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യൽ. | മൂന്ന് മാസം | പുസ്തകങ്ങൾ,<br><br>കാർഡുകൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക, പദസമ്പത്ത് അധികരിപ്പിക്കുക | **പുതിയ പദം പരിചയപ്പെടൽ**<br>ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ അഞ്ച് വാക്കുകൾ കഥാ കവിതാ പുസ്തകങ്ങളിൽ നിന്നോ പ്രൊജക്ടർ സ്ക്രീനിൽ കഥ, കവിത എന്നിവ കാണിച്ചോ ശേഖരിക്കുവാൻ സാഹചര്യമൊരുക്കുന്നു. ലഘു സംഭാഷണങ്ങൾ , പാഠ ഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം, കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കാളികളായവർക്ക് സമ്മാനം നൽകുന്നു.<br>സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കൂടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം | ജൂൺ മുതൽ മാർച്ചുവരെ | പുസ്തകങ്ങൾ,<br>കാർഡുകൾ,<br>സി ഡി കൾ |
| കുട്ടികളുടെ സർഗാത്മകശേഷി വർദ്ധിപ്പിക്കുക. | ചിത്രങ്ങൾ, ലഘു കവിതകൾ, കഥകൾ, സംഭാഷണം, പദപ്രശ്നം , കുറിപ്പുകൾ, വിവരണം എന്നിവ ഉൾകൊള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ചുവരെ | പുസ്തകങ്ങൾ, ചാർട്ടുകൾ |
| ഓരോ മാസവും കുട്ടികൾ വായനാതൽപരരാവുകയും ഭാഷ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക | മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ വായനാമത്സരം, കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു. പ്രൊജക്ടർ ഉപയോഗിച്ച് മാസത്തിലെ അവസാന പിരിയഡിൽ പാഠപുസ്തകവുമായി ബന്ധപ്പെട്ട വിവരങ്ങൾ, പൊതുവിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു | ജൂൺ മുതൽ മാർച്ചുവരെ | ചാർട്ടുകൾ ,പുസ്തകങ്ങൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
| --- | --- | --- | --- |
| അറബി ഭാഷാ ആശയങ്ങളും പദങ്ങളുടെ അർത്ഥങ്ങളും കുട്ടികളിലേക്ക് എത്തുക | **<u>യൂണിറ്റ് തല നിഘണ്ടു നിർമാണം</u>**<br>ഒരോ യൂണിറ്റ് തലത്തിൽ വാക്കുകൾ അർത്ഥ സഹിതം എഴുതുകയും അവസാനം പ്രിന്റ് / പിഡിഎഫ് ചെയ്ത് കുട്ടികൾക്ക് നൽകുന്നു | 6 മാസം | |
| കുട്ടികൾക്ക് കലാപരിപടികൾ അവതരിപ്പിക്കുന്നതിനും അവരുടെ ശേഷികൾ കണ്ടെത്തുന്നതിനുമായി | **<u>സ്കൂൾ റേഡിയോ</u>**<br>കഥ, പ്രസംഗം , ഗാനം , വാർത്തകൾ അവതരിപ്പിക്കുന്നു | ഒരു വർഷം | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷയിൽ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ മേഖലയിൽ കൂടുതൽ കഴിവ് വളർത്തുന്നതിന് വേണ്ടി | ***<u>അറബി ടൈപിംഗ്</u>***<br>അറബി ടൈപിംഗ് പരിശീലനം നൽകുന്നു. അക്ഷരങ്ങൾ , ഹർക്കത്തുകൾ എന്നിവ ടൈപ്പ് ചെയ്യുന്നത് കുട്ടികൾക്ക് പഠിപ്പിക്കുന്നു | 6 മാസം | ലാപ്പ് , കമ്പ്യൂട്ടർ , കമ്പ്യൂട്ടർ ലാബ് സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നു |

| | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| | ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.<br><br>കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.<br><br>വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക.<br><br>വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.<br><br>ഭാഷ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.<br><br>സർഗ്ഗകഴിവുകൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക | 1. മികവിന്റെ വഴിയിൽ<br>► പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക<br>► മുന്നറിവ് പരിശോധിക്കൽ<br>► അക്ഷരങ്ങൾ ഉറപ്പിക്കൽ<br>► വാചകങ്ങൾ നിർമ്മിക്കൽ<br>► ഭാഷാ കളികൾ | 2 months | പുസ്തകങ്ങൾ, വർക്ക്ഷീറ്റുകൾ, സിഡികൾ | BRC<br>LSG<br>SMC<br>PTA |
| | | 2.വായനാവസന്തം<br>► വായന മത്സരം<br>► ക്ലാസ് ലൈബ്രറി<br>► സ്കൂൾ ലൈബ്രറി<br>► വാട്സാപ്പ് ഗ്രൂപ്പ് (ഇ വായന)<br>► വായന കുറിപ്പുകൾ<br>► അറബിക് പത്രവായന /റേഡിയോ | 6 months | പത്രങ്ങൾ, മാഗസിനുകൾ, പുസ്തകങ്ങൾ, സ്കൂൾലൈബ്രറി. | BRC<br>LSG<br>SMC<br>PTA<br>OSF |
| | | 3.എഴുത്തുത്സവം<br>► എഴുത്തുകൂട്ടം<br>► പതിപ്പുകളുടെ നിർമാണം<br>► വായന കുറിപ്പ് ശേഖരണം<br>► ഇൻലന്റ് മാഗസിൻ<br>► ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ<br>► ഭാഷാ കളികൾ | 12 months | അസംബ്ലി, ചാർട്ടുകൾ, പത്രങ്ങൾ | PTA<br>BRC<br>DIET |
| | | 4. അറബിക് കമ്മ്യൂണിക്കേഷൻ.<br>► ആശയ വിനിമയ വേദി ക്ലാസ്തലം, സ്കൂൾതലം<br>► മൊബൈൽ ലിസണിങ്,സ്പീക്കിങ്<br>► യാത്രകൾ<br>► അറബിക് മേള ( നാടകം ,മോണോ ആക്ട്, പ്രസംഗം, സംഭാഷണം)<br>► ഭാഷ കളികൾ അറബിക് അസംബ്ലി<br>► ഭാഷാ പ്രദർശനം<br>► ഭാഷാ ക്യാമ്പ് | 24 months | ഐ ടി സി, പുസ്തകങ്ങൾ, സിഡികൾ | BRC<br>LSG<br>SMC<br>PTA |
| | | 5. ലാംഗ്വേജ് ലാബ്<br>► സ്മാർട്ട് ക്ലാസ്റൂം .<br>► അറബി ഭാഷ സാഹിത്യ ശേഖരങ്ങൾ<br>► ചിത്രീകരണങ്ങൾ<br>► സിനിമ<br>► ആനിമേഷൻ<br>► സോഷ്യൽ മീഡിയ ആക്ടിവിറ്റീസ് | 36 months | | BRC<br>LSG<br>SMC<br>OSF |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| വ്യത്യസ്ത ദിനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക. പ്രതിഭകളെ കണ്ടെത്തുവാനായി മാസത്തിലൊരിക്കൽ അറബിക് ബാലസഭ നടത്തുന്നു. | ജൂൺ മുതൽ മാർച്ചുവരെ | അസംബ്ലി, ചാർട്ടുകൾ |
| ഭാഷാ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | ലാംഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യ കവിതാ ശേഖരങ്ങൾ, ചിത്രീകരണങ്ങൾ, ആനിമേഷൻ മുതലായവ യുടെ നിർമ്മാണവും ഉപയോഗവും | ജൂൺ മുതൽ | സ്കൂൾ ഇൻറർ നെറ്റ് സൌക ര്യം, വെ ബ്സൈറ്റു കൾ |

# ഉപസംഹാരം

കുട്ടികളുടെ സമഗ്ര വികസനത്തിലൂടെ സമൂഹത്തിൻറെ ഉയർന്ന പ്രതീക്ഷയ്ക്ക് ഉണ്ട് നമ്മുടെ വിദ്യാലയത്തെ മാറ്റിയെടുക്കുക എന്ന അതിബൃഹത്തും സമഗ്രവുമായ ഒരു ജനകീയ യജ്ഞം ആണ് സമഗ്ര ഗുണമേന്മ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. പൂർണ്ണമായ അർപ്പണ മനോഭാവവും സാമൂഹിക പങ്കാളിത്തവും കൊണ്ടു മാത്രമേ ഈ പദ്ധതി പൂർത്തീകരിക്കാൻ ആവുകയുള്ളൂ. അക്കാദമിക മികവിന് ഊന്നൽ നൽകി കൊണ്ട് മികവിന്റെ കേന്ദ്രമാക്കി വിദ്യാലയത്തെ പുരോഗതിയിലേക്ക് നയിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്കായി നമുക്ക് ഒത്തൊരുമിച്ച് കൈകോർക്കാം.